നർമ്മ ഭാവന

# "നിങ്കൽ ഒരു നാരിയല്ലേ"

## സുധീർ പണിക്കവീട്ടിൽ

എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെയെല്ലാം തലമുറകളുടെ വിടവിനെക്കുറിച്ചുള്ള ചർച്ചയാണു. നികത്താൻ കഴിയുമെന്ന വിശ്വാസത്തിൽ, നരയ്ക്കുകയും, നരച്ച് തുടങ്ങുകയും ചെയ്യുന്നവർ കർമ്മനിരതരായി "അഹ്മഹമികയാ" പരക്കം പായുകയാണു. മദ്ധ്യവയസ്സിനേൽക്കുന്ന ക്ഷതങ്ങളിൽ ഒന്നായ കാഴ്ച്ചക്കുറവുകൊണ്ട് വിടവിൻെറ വീതി കൂടുന്നൊ കുറയുന്നോ എന്ന് തിട്ടപ്പെടുത്താൻ വെള്ളിതലമുടിയുള്ളവർക്ക് കഴിയുന്നില്ലായിരിക്കാം. എങ്കിലും അവർ പരിശ്രമിക്കുന്നുണ്ട്. ജീവിതത്തിൻെറ നിഴലുകൾ പോലെ ചുറ്റികറങ്ങുന്ന ഈ അരവ്രുദ്ധന്മാരുടെ പരിഭ്രമവും പരിദേവനവും കണ്ടും കേട്ടും കൗമാര കുരുന്നുകൾക്ക് നല്ല നേരമ്പോക്ക്. വീട്ടിനുള്ളിൽ എ.സി.യുടെ തണുപ്പിൽ യന്ത്രക്കളിക്കോപ്പുകളും മണ്ടൻ പെട്ടിയെ നിയന്ത്രിക്കുന്ന ഉപകരണവുമായി അസ്വസ്ഥതയോടെ ഇരിക്കുന്ന കൗമാരകാരനെ നോക്കി അവൻെറ അച്ച്ഛൻ പറയുന്നു. – ഞങ്ങളുടെയൊക്കെ (മാതാപിതാക്കന്മരുടെയൊക്കെ പ്രതിനിധിയെന്ന നിലയിൽ) കാലത്ത് ഞാൻ വീടിനു വെളിയിൽ പന്ത് കളിച്ചും ഓടി നടന്നും പറമ്പിലെ പക്ഷികൂട്ടങ്ങളോടും പൂക്കളോടുമൊക്കെ കിന്നരിച്ചും നടന്നു. നീയ്യൊക്കെ ഇതിൻെറ മുന്നിലിരുന്നു എന്തായി തീരും ദൈവമെ. ഇവിടെ കാനേഷ് പാനൂരിൻെറ കഥയെ ആസ്പദമാക്കിയും അതിൽ നിന്നും ചില കാര്യങ്ങൾ വിവരിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ മാതാപിതാക്കൾ അത്തരം ഉപദേശം കൊടുക്കുമ്പോൾ പുറത്തുള്ള ജീവികൾ എന്തു പറയുന്നു എന്ന് അദ്ദേഹത്തിൻെറ കഥയിൽ കാണുന്നു. ആ സംഭാഷണം കേട്ട് ഒരു തുമ്പി ജന്നലരുകിൽ വന്ന് പയ്യനോട് പറഞ്ഞു. കുഞ്ഞേ ഒത്തിരി നന്ദിയുണ്ട് ഇങ്ങനെ ഇരിക്കുന്നതിനു. നിൻെറയൊക്കെ തന്തമാർ ഞങ്ങളെകൊണ്ട് മുട്ടൻ കല്ലെടുപ്പിച്ചും, ഞങ്ങളുടെ മുതുകൊടിച്ചും ചിറക് പറിച്ചും ക്രൂരമായി വിനോദിക്കയായിരുന്നു. ഇതാണു സത്യം. കുട്ടികൾ പിതാക്കന്മാരെക്കാൾ എത്രയോ നല്ലത്. അവർക്ക് കളങ്കമില്ല, ഇരട്ട മുഖമില്ല. ദാ.. അവിടേക്ക് നോക്കുക.

കുറേ മദ്ധ്യവയസ്സന്മാരും, ഇളം മദ്ധ്യവയസ്സന്മാരും, അതായ്ത് ഒരു കരി-നര-ചുളി-കഷണ്ടി-കുടന്ത-വായുക്ഷോഭം, രക്ത സമ്മർദ്ധം, പഞ്ചസാര, ഹ്രുദയപരിക്ക്, ചൊറി, കുര, വാതം, വലിവ് ഇത്യാദി കുരുക്കുകളിൽ ഇറുകി ബന്ധനസ്ഥരായവരും, ആ വക മാരണങ്ങൾ ഇത് വരെ പിടികൂടാത്തവരും. സുന്ദരന്മാരും, വിരൂപരും (ഇവരുടെ എണ്ണം കുറവ്) ഒക്കെ കൂടി തലമുറയുടെ വിടവ് എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കനൊരുമ്പെടുകയാണു. അവരിൽ ആരോ ഒരാൾ പ്രസ്തുത വിടവിലേക്ക് നോക്കി പിടലി വെട്ടി പോയതകൊണ്ട് ആ ഉളുക്ക് തീർക്കാനുള്ള തൈലം കാച്ചാനുള്ള പുറപ്പാടാണു. അലങ്കരിച്ച സ്വീകരണ മുറിയിലെ കൂറ്റൻ സോഫകളിൽ അതിഥികളും ആതിഥേയനും ഉപവിഷ്ടരായി. ആതിഥേയനാണു തൈല നിർമ്മാണത്തിനു മുൻകൈ എടുത്ത ധന്വന്തരി. കുറെ നിഷ്ക്കളങ്ക കൗമാര-യൗവ്വന പ്രായക്കാരും എത്തിയിട്ടുണ്ട്. അവരെ കുറിച്ചാണല്ലോ ചർച്ച. അവർക്കാണെങ്കിൽ സമപ്രായക്കരെ കണ്ടുമുട്ടിയ സന്തോഷം.

ചടങ്ങ് ഉദ്ഘാടനം ചെയ്ത്കൊണ്ട് ആതിഥേയന്റെ മകൾ ചായ ട്രേയുമായി പ്രവേശിച്ചു. കുട്ടികളെ ആതിഥ്യമര്യാദ പഠിപ്പിക്കേണ്ടത് ആവശ്യമാണല്ലോ? അതിഥിയെ ദൈവമായി കരുതിയവർ ഭാരതത്തിൽ ഒരു കാലത്ത് ജീവിച്ചിരുന്നു. ഇപ്പോൾ അത് പുസ്തകതാളിൽ ഒരു ചോദ്യചി□ ം പോലെ അവശേഷിക്കുന്നു. (ചിലരൊക്കെ ഇപ്പോഴും അങ്ങനെ വിശ്വസിക്കുന്നു എന്നും കണക്കുകൾ കാണിക്കുന്നു.)

ചായയുമായി വന്ന പെൺകുട്ടിക്ക് നാടൻ പെൺകിടാങ്ങളുടെ ലജ്ജയോ സങ്കോചമോ ഒന്നുമില്ല. അതൊക്കെ വേണമെന്ന് അവരുടെ തലമുറ ആഗ്രഹിക്കുന്നില്ല. അതിന്റെ ആവശ്യ്വുമില്ല. ചില വെള്ളെഴുത്തുള്ളവർക്ക് അത് കാണാൻ മേലായിരിക്കും. (ഈ പ്രയോഗത്തിന്റെ രണ്ടർത്ഥങ്ങൾ മനസ്സിലാക്കുക, കാണാൻ കഴിയാതിരിക്കുന്ന കണ്ണിന്റെ ശേഷിക്കുറവ് , കാണുന്നത് അപ്രിയം) ചായ ഒരോരുത്തരുടെ കയ്യിലേക്ക് നീട്ടുമ്പോൾ കുനിയേണ്ടി വരുന്ന പെൺക്കുട്ടിക്ക് ബോബ്ബ് ചെയ്ത തലമുടി സൗകര്യം. മുറ്റത്ത് മുട്ടുന്ന മുടിയഴിച്ചിട്ട് നടക്കുന്നവർ ഒരു കാലത്ത് ചായ നീട്ടുമ്പോൾ അനുഭവിച്ച വിഷമം ഇന്ന് ആരു് ഓർക്കുന്നു. അവൾ എല്ലാവരോടും അമേരിക്കൻ ഈണത്തിൽ ഹായ് എന്ന് ഒരു പക്ഷിയെപ്പോലെ ചിലച്ച്കൊണ്ടിരുന്നു. (ച്യുവിങ്ങ്ഗം വായിലുണ്ടൊ എങ്കിൽ അത് ഗുരുത്വകേട് എന്ന് പല്ലു പോയ കുറെ മുഴുകിഴവന്മാർ ആത്മഗതം ചെയ്തത് അവർ പിന്നെ പരസ്യമായി പറഞ്ഞു)

ആ കുട്ടിയുടെ പുറകിൽ കൂട്ടുകാരും ആതിഥേയൻെറ സൽക്കാരത്തിൻെറ കേമത്തരം കാട്ടുന്ന വിഭവങ്ങളുമുണ്ട്. അങ്ങനെ തന്താസ്സുകൾ (ഇവിടെ ഒരു കാര്യം ശ്രദ്ധിക്കുക, തള്ളമാരുടെ സാന്നിദ്ധ്യം കുറവായിരുന്നു.) അങ്ങനെ ചായയുമായി തന്താസ്സുകൾ അവരവരുടെ നടു സോഫയുടെ മാർദ്ദവമടിത്തട്ടിലേക്ക് അമർത്തിയിരിക്കൻ തുടങ്ങിയപ്പോൾ ആതിഥേയൻ മകളോട് സന്നിഹിതരായിരിക്കുന്ന ഓരോരുത്തരുടെ പേരുകൾ പറഞ്ഞുകൊടുത്തു. അങ്ങനെ പേരു പറഞ്ഞ കൂട്ടത്തിൽ അയാളുടെ പേരും പറഞ്ഞു. അയാളുടെ പ്രായംവച്ച് നോക്കുമ്പോൾ പതിനായിരത്തിൽ പോലും ഒരാൾക്കില്ലാത്ത കേൾക്കാൻ ഇമ്പമുള്ള അയാളുടെ പേരു കേട്ട പെൺകുളട്ടി വിസ്മയത്തോടെ നിന്നു. അവൾ അയാളെ കൗത്കപൂർവ്വം നോക്കി. ” വാട്ട് എ സ്വീറ്റ് നെയിം “ പേരുപോലെ ആൾ വളരെ സമാർട്ട് ആണല്ലോ എന്ന് കുട്ടി മനസ്സിൽ കണക്ക്കൂട്ടി. ഞങ്ങളെയൊന്നും ശ്രദ്ധിക്കാതെ ആ അരക്കിഴവനെ നോക്കി ഈ കൊച്ച് എന്താണു നിൽക്കുന്നതെന്നറിയാതെ മറ്റു മുക്കാൽ കിഴവന്മാരുടെ രക്ത സമ്മർദ്ദത്തിൽ വേലിയേറ്റങ്ങൾ ഉണ്ടായി. പഞ്ചസാര (ചായയിലല്ല) കൂടുതുള്ളവർക്ക് ശകലം കോപവും വന്നു. കുട്ടി എന്തോ ഓർത്തിട്ടെന്നപോലെ പുഞ്ചിരിച്ച്കൊണ്ട് സുന്ദരമായ പേരുള്ള ആളിനോട് ചോദിച്ചു.

## ”നിങ്കൽ ഒരു നാരിയല്ലേ“

അത് കേൾക്കേണ്ട താമസം ആതിഥേയൻെറ മനോഹരമായ മുഖം ഒന്നു ചുമന്നു. സ്രൈണ ഭാവങ്ങൾ നിറഞ്ഞ ആ മുഖം ഒന്ന് വക്രിച്ചു. ഒപ്പം അയാളുടെ ശിങ്കിടികളുടെ മുഖങ്ങളും വാടി. അയാൾ പരവേശം മാറ്റാൻ തിടുക്കത്തിൽപറഞ്ഞു.

“മോളു അകത്ത് പോ” ശിങ്കിടികളും കോറസ്സായി പാടി. മോളു അകത്തോട്ട് ചെല്ല്. സന്നിഹിതരായവരിൽ വളരെ ഇന്നസെൻറായ ഒരു ത്രൃശ്ശൂർക്കാരൻ പറഞ്ഞു.

“കുട്ടി പുവ്വാൻ വരട്ടെ”

ആതിഥേയൻ മകളോട് പറഞ്ഞു. മോളു അകത്ത് പോ“

ത്രൃശ്ശൂർക്കാരൻ ”കുട്ടി അവിടങ്ങട് നിക്കാ, പുവ്വാൻ വരട്ടെ“

കാരണവന്മാരുടെ കൺഫ്യൂഷൻ ടീനേജ്കാരിയെ അവിടെ തന്നെ നിറുത്തി”

കുട്ടിയടക്കം ശിങ്കിടികളല്ലാത്തവർ പരസ്പരം നോക്കി. ആകെ നിശ്ശബ്ദത. കനം തൂങ്ങി നിൽക്കുന്ന നിമിഷങ്ങൾ. ആതിഥേയ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. എന്താണു സംഭവിക്കുന്നത്. അമേരിക്കയിൽ വളരുന്ന മലയാളികുട്ടികൾ മലയാളം പറയുന്നതിൽ അപാകതയുണ്ടോ? പറഞ്ഞതിൽ അബദ്ധമുണ്ടോ? അതിൽ മുതിർന്നവർ ഉത്തരവാദികളാണോ? മൂത്തവർ കുട്ടികൾക്ക് മാത്രുക കാണിക്കേണ്ടതല്ലേ. ഇവിടെ കുട്ടി ചോദിക്കുന്നു

"നിങ്കലൊരു നാരിയല്ലേ"

കുട്ടി നാരിയെന്ന് വിളിച്ച മനുഷ്യനെ ചൂണ്ടിക്കാട്ടി ത്രുശ്ശൂർക്കാരൻ എല്ലാവരോടുമായി ചോദിച്ചു. അയാളുടെ തലയിൽ മാത്രമല്ലേ മുടി കുറവുള്ളു. കൈത്തണ്ടയിലു, മുഖത്തും, നെഞ്ചത്തുമൊക്കെ ഈ വിലയില്ലാത്ത സാധനം ഇഷ്ടം പോലെയുണ്ടല്ലോ? (തലയിലുണ്ടെങ്കിലെ വിലയുള്ളു, അല്ലെങ്കിൽ തന്നെ എന്തും തലയിൽ ഉണ്ടെങ്കിലെ അതിനു വിലയുള്ളു.)

പ്രത്യക്ഷത്തിൽ നാരീ ലക്ഷണം ഇയ്യാൾക്കില്ലല്ലോ? നാരീ സ്വരവും ഇല്ല. പോരാത്തതിനു ഇയാൾ രണ്ടു കുട്ടികളുടെ പിതാവുമാണു്. ആതിഥേയനും ശിങ്കിടികളും രംഗം വഷളാകുന്നുവെന്ന് കണ്ട് കുട്ടിയെ അകത്ത് വിടാൻ ധ്രുതികൂട്ടി. എന്നാൽ ത്രുശ്ശൂർക്കാരന്റെ സംസാരത്തിൽ രസം പിടിച്ചവർ അതിന്മേൽ തൂങ്ങി പറഞ്ഞു. "സംഗതി നേരാണല്ലോ? , കുഞ്ഞെന്താ അങ്ങേരോട് നാരിയല്ലേ എന്നു ചോദിച്ചത്?

അമേരിക്കയിൽ വളരുന്ന മലയാളി കുട്ടികൾക് മലയാളികളുടെ പരമ്പരാഗതമായ കുശുമ്പ്, കുന്നായ്മ, പാരവയ്പ്പ്, പരദൂഷണം, തേജോവധം, പുച്ഛം, ജാതി-മത ചിന്തകൾ തുടങ്ങിയ എണ്ണിയാൽ ഒടുങ്ങാത്ത രോഗങ്ങൾ ഒരു പരിധി വരെ ഇല്ലാത്തത്കൊണ്ട് പെൺകുട്ടി വളരെ ഉത്തമ വിശ്വാസത്തോടെ തറപ്പിച്ച്, പകുതി മലയാളത്തിലും, പകുതി ഇംഗ്ലീഷിലുമായി താഴെ പറയുന്ന വിശദീകരണം നൽകി.

"പപ്പ ഫ്രൺസ്സായിട്ട് ഡ്രിങ്ക്സ് കഴിക്കുമ്പോഴും, ഫോണിൽ സംസാരിക്കുമ്പൊഴും ആൾവെയ്സ് യൂസ് ചെയ്യുന്ന ഒരു വേഡാണു "നാരി". പപ്പയുമായി അധികം കോണ്ടക്റ്റ് ഇല്ലാത്തവരെയൊക്കെ "നാരി" യെന്നാണു പറയുക. ഈ അങ്കിലിന്റെ പേരു ഓർക്കാൻ ഈസിയാണു. പപ്പ ഈ അങ്കിലിനെ "നാരി" യെന്നാണു പറയുക. പലരും ചിരിയടക്കാൻ ശ്രമിച്ചിട്ടും പൊട്ടിപ്പോയി. ഇരവിപുറംകാരൻ കവി ഉടനെ ഒരു നിമിഷ

കവിത കാച്ചി "കന്മഷമില്ലാത്ത കൗമാരമേ നിന്നെ ഞാൻ ഈ കുട്ടിയുടെ പേരിട്ട് വിളിക്കുന്നു.'' ഒന്നും മനസ്സിലാകാതെ കുട്ടിയും ചിരി തുടങ്ങി. തലമുറകളുടെ വിടവ് തീർക്കാനും അവരെ നേർവഴിക്ക് നയിക്കാനും കൂടിയ യോഗത്തിൻെറ അദ്ധ്യക്ഷൻെറ തനി നിറം ചിരിയുടെ വെടിക്കെട്ടിൽ പെട്ട് വിളറിപ്പോയി. കോട്ടയം കാർ മൂന്നു നാലു പേർ ഏണിറ്റ് നിന്ന് കുട്ടിയോട് പറഞ്ഞു "നാരി" എന്നു പറഞ്ഞാൽ സ്ത്രീ എന്നാണർത്ഥം. നിൻെറ പപ്പ പറയാറുള്ളത് "നാറി" എന്നാണു്, അതിൻെറ അർത്ഥം അത് കൊച്ചറിയേണ്ട.

ഇതിനകം പലരും സത്യത്തിൻെറ മുഖം തിരിച്ചറിഞ്ഞു. അവരിൽ ഒരാൾ പറഞ്ഞു. അർത്ഥം കൊച്ചറിയണം. ആ വാക്കിൻെറ അർത്ഥമല്ല, നല്ല വീട്ടിൽ പിറന്നവർ ഒന്നും അത്തരം വാക്കുകൾ ഉപയോഗിക്കില്ലെന്ന്. ഇവിടെ വന്നു കുറച്ച് കാശുണ്ടാക്കി സാമ്പത്തികമായി ഉയർന്ന നിലയിൽ ജീവിക്കുമ്പോൾ ചെറുപ്പത്തിൽ ജനിച്ച വീടും, കഷ്ട്പാടും അതു മൂലം ജനിക്കുന്ന കുശുമ്പും കുന്നായ്മയും അവരിൽ തന്നെയുണ്ടാകും, അത് അവർ പുറത്തെടുക്കും. കുട്ടി അവളുടെ പപ്പയെ അത്ഭുതത്തോടെ നോക്കി. കേൾക്കാൻ ഇമ്പുമുള്ള, സുഖമുള്ള പേരുള്ള മനുഷ്യൻ പെൺകുട്ടിയുടെ പപ്പയോട് പറഞ്ഞു. എനിക്ക് നിങ്ങളെ ഒരു പാട് ഒരു പാട് ഇഷ്ടമായിരുന്നു. നിങ്ങൽ ഇങ്ങനെയുള്ളവനാനെന്ന് ഇപ്പോഴെങ്കിലും അറിഞ്ഞതിൽ സന്തോഷം. വർഷങ്ങൾക്ക് ശേഷം ആ സംഭവം ആലോചിക്കുമ്പോൾ ആ പെൺകൂട്ടിയുടെ നിഷ്ക്കളങ്കതയും പിന്നീട് അകാലത്തിൽ ചരമമടഞ്ഞ ആ കുട്ടിയുടെ ദുർവിധിയും അയാളെ വിഷമിപ്പിച്ചു. തന്നെക്കാൾ കഴിവും അറിവുമുള്ളവരെ പരദൂഷണം നടത്തി നീചമായ ഒരു ജീവിതം നയിക്കുന്ന മനുഷ്യൻെറ മകളായി അറിയപ്പെടാതിരിക്കാൻ കരുണയുള്ള ദൈവം കറയറ്റ ആ കുരുന്നുജീവൻ നേരത്തെ അപഹരിച്ചതാകാം.

പാഠം: സ്വയം നന്നായതിനു ശേഷം തലമുറകളെ നന്നാക്കാനും പഠിപ്പിക്കാനും പോകുക.

## ശുഭം